# കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

---

**ADFW/100009/2019-IT1** **തീയതി : 23-07-2022**

## സർക്കുലർ

വിഷയം:- മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം വെബ്സൈറ്റിൽ കൃഷി വകുപ്പിന കീഴിലുള്ള എല്ലാ ഓഫീസുകൾക്കും ലോഗിൻ ഉറപ്പാക്കുന്നത് സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിൽ നിന്നുള്ള 13-05-2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം വെബ്സൈറ്റിൽ (https://cmo.kerala.gov.in/ ) ഓരോ ഓഫീസർമാർക്കും അവരവരുടെ PEN/TEN നമ്പറും ചേർത്ത് വ്യക്തിഗത ലോഗിൻ ആണ് അനുവദിക്കുന്നത്. ഓഫീസിന് വേണ്ടി ലോഗിൻ അനുവദിച്ചിട്ടില്ല. സ്ഥലം മാറ്റം പ്രൊമോഷൻ വരുമ്പോൾ ഓഫീസ് മാറുന്ന എങ്കിൽ മാറ്റപ്പെടുന്ന ഓഫീസിലേക്ക് വ്യക്തിഗത ലോഗിൻ മാറ്റി വാങ്ങേണ്ടത് ഓരോ ഓഫീസർമാരുടെയും വ്യക്തിഗത ഉത്തരവാദിത്തമാണ്

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം വെബ്സൈറ്റിൽ ലോഗിൻ ചെയ്യാൻ സാധിക്കാതെ വരുന്ന സാഹചര്യങ്ങളിൽ "Forgot password" ഓപ്ഷൻ ഉപയോഗിച്ച് Password Reset ചെയ്യാൻ ശ്രമിക്കുന്നവർക്ക് പ്രസ്തുത ഓഫീസിൽ നിലവിൽ ഉണ്ടായിരുന്ന ലോഗിന്റെ Password മാത്രമേ ലഭിക്കൂ. ആയതിനാൽ ലോഗിൻ ചെയ്യാൻ സാധിക്കാത്ത കൃഷിഭവനുകളും, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും നിലവിലുള്ള ഓഫീസറുടെ പേരിൽ CMO Portal ലോഗിൻ ഇല്ലാത്ത ഓഫീസുകളും താഴെ പറയുന്ന വിവരങ്ങൾ ചേർത്ത് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ഇ-മെയിൽ അയച്ച് കൊടുക്കേണ്ടതാണ്.

പേര് : മലയാളത്തിലും ഇംഗ്ലീഷിലും
PEN/TEN നമ്പർ :
ഓഫീസിന്റെ പേര്:
ജില്ല :
ഓദ്യോഗിക മൊബൈൽ നമ്പർ : 93834XXXXX
ഓഫീസിന്റെ ഓദ്യോഗിക ഇ-മെയിൽ :( @kerala.gov.in എന്ന് അവസാനിക്കുന്നത്)

**ജില്ലാതല അഡ്മിൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ അവരവരുടെ ജില്ലയിലെ എല്ലാ ഓഫീസർമാരുടെയും പ്രൊഫൈലിൽ മൊബൈൽ നമ്പർ (93834XXXXX), ഓദ്യോഗിക ഓഫീസ് ഇ-മെയിൽ ( @kerala.gov.in എന്ന് അവസാനിക്കുന്നത്) എന്നിവ മാത്രം ചേർക്കേണ്ടതാണ് (Personal mobile number/ Personal email, മുൻപ് ഉപയോഗിച്ചിരുന്ന gmail, yahoo mail, hotmail പോലുള്ളവ ഉപയോഗിക്കാൻ പാടില്ല).**

ജില്ല മാറി വരുന്ന ഓഫീസർമാരുടെ ലോഗിൻ മാറ്റുന്നതിന ജില്ലാതല അഡ്മിൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് സാധിക്കില്ല ആയതിനാൽ മേല്പറഞ്ഞ വിവരങ്ങൾ ഉൾപ്പെടുത്തി ജില്ലാ ഓഫീസിൽ നിന്ന **cmcc.agri@kerala.gov.in** ലേക്ക് ഇമെയിൽ അയച്ച തരേണ്ടതാണ്.

ഓദ്യോഗിക ഓഫീസ് ഇ-മെയിൽ (@kerala.gov.in എന്ന് അവസാനിക്കുന്നത്) ലോഗിൻ എല്ലാ ഓഫിസുകൾക്കും നേരത്തെ തന്നെ ലഭ്യമാക്കുകയും മേലിൽ എല്ലാ ഓദ്യോഗിക ആശയവിനിമയങ്ങളും ഓദ്യോഗിക ഓഫീസ് ഇ-മെയിലിലൂടെ മാത്രമേ നടത്താവൂ എന്നും അറിയിച്ചിട്ടുള്ളതാണ് . ഓദ്യോഗിക ഓഫീസ് ഇ-മെയിൽ ( @kerala.gov.in എന്ന് അവസാനിക്കുന്നത്) ഇനിയും ഉപയോഗിക്കാത്ത ഓഫീസുകൾ https://keralaagriculture.gov.in എന്ന കൃഷി വകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റിൽ Administration എന്ന ടാബിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരങ്ങൾ നോക്കി മനസ്സിലാക്കേണ്ടതാണ്. ഓദ്യോഗിക ഓഫീസ് മെയിൽ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച മാർഗരേഖ https://keralaagriculture.gov.in/employees-corner എന്ന ലിങ്കിലും ലഭ്യമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ നിർദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് ജില്ലാ തല ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതാണ്.

RAJESWARI S R
ADDITIONAL DIRECTOR OF AGRICULTURE(EXT)
കൃഷി ഡയറക്ടർക്കു വേണ്ടി

Additional Director of Agriculture (Extension)
Directorate of Agriculture
Thiruvananthapuram-33

പകർപ്പ്:- എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസർമാർക്കും
എല്ലാ കൃഷി ഓഫീസർമാർക്കും